

# 2025 - 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ





## ജി.യു.പി.എസ് പുളിയാർമല

## ഗവ: യു.പി. സ്കൂൾ പുളിയാർമല

## സമഗ്ര ഗുണമേൻമാ വിദ്യാലയ വികസന പദ്ധതി

ആമുഖം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തി യിലെത്തിക്കുന്നതിന്റെ മന്നോടിയായി, നമ്മുടെ സ്കൂളി ന്റെ നേട്ടങ്ങളും കോട്ടങ്ങളും തിരിച്ചറഞ്ഞ്, ദീർഘകാല കീഴ്ച്ചപ്പാടോടു കൂടി വേണം സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപികരക്കേണ്ടത്. പൊതുവിദ്യാലയ ങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം. നിലവിലുള്ള പൊതു അവസ്ഥ മാറി പൊതു വിദ്യാലയങ്ങളിലെത്തി ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്ല്യ അവസരങ്ങൾ പ്രദാനം ചെയ്തു കൊണ്ട് ഉറപ്പാക്കാൻ കഴിയണം.

ഞങ്ങളുടെ വിദ്യാലയവും വൈവിധ്യമാർന്ന വിദ്യാ ലയ ശാക്തീകരണ പരിപാടികളിലൂടെ മുന്നേറുകയാണ്. ഞങ്ങളുടെ പരിമിതികൾ തിരിച്ചറഞ്ഞ് അവ മെച്ചപ്പെടു ത്തുവാൻ ഉതകുന്ന പ്രവർത്തന പദ്ധതികൾക്കാണ് വിദ്യാ ലയ മികസന പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. ലഭ്യമാകുന്ന സംവിധാനങ്ങളുടെ പിന്തുണയോടെ വിദ്യാ ലയ പ്രവർത്തനങ്ങൾ ആകർഷകമാക്കാനും മികവിന്റെ സമസ്ത മേഖലകളുടെയും വികാസം സാധ്യമാകുന്ന തര ത്തിൽ പഠനാവസരം ലഭ്യമാക്കലും വിദ്യാലയ വികസന പദ്ധതി ലക്ഷ്യമിടുന്നു.

വയൽനാടായ നമ്മുടെ വയനാടിന്റെ സിര കേന്ദ്ര മായ കൽപ്പറ്റയിലേക്ക് വിളിപ്പാടകലെ പ്രകൃതി മനോഹര മായ, ശാന്തസുന്ദര ഗ്രമാമാണ് പുളിയർമല. മഹാത്മജി യുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ ഈ മണ്ണിൽ ഒരു കാലത്ത് സമ്പുഷ്ടമായ കാപ്പി വിളഞ്ഞിരുന്ന പ്രദേശ മാണ്. ഇവിടുത്തെ തോട്ടങ്ങളിൽ ജോലി ചെയ്തിരുന്ന വരുടെ മക്കൾക്കും സമീപസ്ഥരായ വിദ്യാർത്ഥികൾക്കു മായി പ്രദത്ഥ സാമുഹ്യ സേവകനായ എ.എൻ. പദ്മനാ ഭൻ തന്റെ പിതാവിന്റെ സ്മരണാർത്ഥം ആരംഭിച്ചതാണ് ഈ കൊച്ചു വിദ്യാലയം. ആരംഭത്തിൽ ലോവർ പ്രൈമ റിയും തുടന്ന് അപ്പർ പ്രൈമറിയായും ഉയർത്തപ്പെട്ട നമ്മുടെ പ്രിയപ്പെട്ട വിദ്യാലയം 1956–ൽ മന്തപ്പ മെമ്മോറി യൽ സ്കൂൾ എന്ന നാമത്തിലാണ് അറിയപ്പെട്ടിരുന്നത്. ആരംഭത്തിൽ വയനാടിന്റെ വിദൂരഭാഗങ്ങിൽ നിന്നു പോലും അറിവിന്റെ മധുരം നുകരാൻ വിദ്യാർത്ഥികൾ ഇവിടെ എത്തിയിരുന്നു. പിൽക്കാലത്ത് ഇംഗ്ലീഷ് വിദ്യാ ഭ്യാസത്തിനു പിറകെ രക്ഷിതാക്കൾ പോയപ്പോൾ 90%

വിദ്യാർത്ഥികൾ പട്ടിക വിഭാഗത്തിൽ നിന്നുള്ളവരായി അവരാണ് ഈ വിദ്യാലയത്തിന്റെ സമ്പത്ത്. 28.50 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം ഇപ്പോൾ പ്രവർത്തിക്കുന്നത് കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിന് 62 വർഷത്തോളം പഴക്കമുണ്ട്. ശ്രീ. വിരേന്ദ്രകുമാർ എം.പി. പാർലമെന്റിൽ അംഗമായിരുന്ന കാലത്ത് എം.പി. ഫണ്ടിൽ നിന്നും ഇരുനില കെട്ടിടം പണിയാനുള്ള തുക അനുവധിച്ചതോടെ എല്ലാ ക്ലാസ്സുകൾക്കും പ്രവർത്തിനാവശ്യമായ ഭൗതിക സാഹചര്യം നിലവിൽ വന്നു. നഗരസഭ ചുറ്റുമതിൽ, അസംബ്ലിഹാൾ എന്നിവയും എസ്.എസ്.എ. മേജർ റിപ്പയറിങ്ങിൽപ്പെടുത്തി പഴയ കെട്ടിട നവീകരിക്കലും ചെയ്തതോടെ ഈ വിദ്യാലയത്തിന്റെ മുഖച്ഛായ തന്നെ മാറിയിട്ടുണ്ട്. ഗ്രാജുവേഷനും, ബി.എഡും, ടി.ടി.സി.യും കഴിഞ്ഞ ആത്മാർത്ഥയുള്ള പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിലാണ് വിദ്യാലയത്തിലെ മുഴുവൻ പ്രവർത്തനങ്ങളും നടക്കുന്നത് ഒന്ന് മുതൽ ഏഴ് വരെ 64 കുട്ടികളും പ്രീ–പ്രൈമിറിയിൽ 29 കുട്ടികളും ഉൾപ്പടെ 93 കുട്ടികൾ ഇവിടെ വിദ്യ അഭ്യസിക്കുന്നു.കഴിഞ്ഞ പത്ത് വർഷത്തേ കുട്ടികളുടെ കണക്ക് പരിശോധിച്ചാൽ ഏറിയും കുറഞ്ഞും ഇതേ നിലവിൽ തുടരുന്നത് കാണാം. ഈ വിദ്യാലയത്തിന്റെ വൃഷടി പ്രദേശത്തു നിന്നു കൽപ്പറ്റ ടൗണിലുള്ള പല വിദ്യാലയങ്ങളിലേയും വാഹനങ്ങൾ കുട്ടികളെ കൊണ്ടു പോകുന്നത് വലിയ ഭീഷണിയാണ്. കുട്ടികളെ സ്കൂളിലെത്തിക്കാൻ മെന്റർടീച്ചറുടെയും പ്രെമോട്ടർമാരുടെയും നേതൃത്വത്തിൽ നിരന്തരം പ്രയത്നിക്കുന്നുണ്ട്. പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, പാൽ, കോഴിമുട്ട വിതരണം, കുട–ബാഗ്–യൂണിഫോം വിതരണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഞങ്ങൾ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് വിദ്യാർത്ഥികളെ കലാ–കായിക–ശാസ്ത്ര മേഖലകളിലും ക്യാമ്പുകളിലും മറ്റു വിദ്യാലയ പ്രവർത്തനങ്ങളിലും പങ്കെടുപ്പിച്ച് വിജയം കൊയ്യാറുണ്ട്. വൈത്തിരി ഉപജില്ല ഓഫീസിന്റെയും, വൈത്തിരി ആർ.ബി.സി. യുടേയും പരിധിയിൽ – ഈ വിദ്യാലയം ബഹുദൂരം മുന്നോട്ടു പോകും എന്നുള്ളതിൽ തർക്കമില്ല.

# സ്കൂൾ അടിസ്ഥാന വിവരം

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ജി.യു.പി.എസ്.പുളിയാർമല |
| വിലാസം | : | നോർത്ത് കൽപ്പറ്റ പി.ഒ. വയനാട് 678122 |
| 2. സ്കൂൾ കോഡ് | : | 15241 |
| 3. വിദ്യാഭ്യാസ ജില്ല | : | വയനാട് |
| 4. വിദ്യാഭ്യാസ ഉപജില്ല | : | വൈത്തിരി |
| 5. റവന്യൂ ജില്ല | : | വയനാട് |
| 6. ബി. ആർ. സി. | : | കൽപ്പറ്റ (ജി.വി.എച്ച്.എസ്. കൽപ്പറ്റ) |
| 7. സി. ആർ. സി. | : | കൽപ്പറ്റ |
| 8. മുൻസിപ്പാലിറ്റി | : | കൽപ്പറ്റ |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | കൽപ്പറ്റ |
| 10. പ്രധാന അധ്യാപകന്റെ പേരും | : | ജോസ് കെ. സേവ്യർ |
| ഫോൺ നമ്പറും | : | 9947651441, 8075356726 |
| ലാന്റ് ഫോൺ | : | 04936-206020 |

# വിദ്യാലയം നേരിടുന്ന നിലവിലെ പ്രശ്നങ്ങൾ

ഒന്നു മുതൽ ഏഴു വരെ 65 കുട്ടികളും പ്രീ-പ്രൈമറിയിൽ21 കുട്ടികളുമാണുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇതേ അവസ്ഥയിലാണ് തുടരുന്നത്. പ്രൈമറിയിൽ 4 എൽ.പി.എസ്.എയും യു.പി.യിൽ 2 യു.പി.എസ്.എയും ഒരു പാർട്ടൈം ജൂനിയർ ഹിന്ദി ഭാഷ അധ്യാപകനും , ഒരു എച്ച്.എം, ഒരു ഒ.എ, ഒരു പ്രീ-പ്രൈമറി ടീച്ചർ ഉം ആയയും ഇവിടെ ജോലി ചെയ്യുന്നു.

85വിദ്യാർത്ഥികളിൽ 90% ൽ അധികം ഗോത്ര വിദ്യാർത്ഥികളാണ. ഇവടെ സ്കൂളിൽ എത്തിക്കുവാനും അവരുടെ ഭാഷ കൈകാര്യം ചെയ്യുന്നതിനുമായി എം.എൽ.എ. മുഖേന നിയമം ലഭിച്ച ഒരു മെന്റർ അധ്യാപികയും നമ്മുക്ക് ഇപ്പോൾ നിലവിലുണ്ട്.

ഒരു ക്ലാസ്സ് സ്മാർട്ട് റൂം നമ്മുക്ക് ലഭ്യമാണെങ്കിലും പ്രവർത്തന യോഗ്യമായ 11 ലാപ്ടോപ്പുകൾ നമ്മുക്കുണ്ട്. 4000–ൽ അധികം ലൈബ്രറി പുസ്കങ്ങളുടെ സമാഹാരം ഞങ്ങൾ ഫലപ്രദമായി ഞങ്ങൾ ഉപയോഗിച്ചു വരുന്നു.

കുട്ടികളുടെ കായികശേഷി വികസിപ്പിക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങൾക്ക് ഉകതകുന്ന തരത്തിലുള്ള ഗ്രൗണ്ടിന്റെ അഭാവം നിലനിൽക്കുന്നു.

കോളനികളിൽ താമസിക്കുന്ന വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കാൻ വിദ്യാവാഹിനിയുടെ  വാഹനം ഉള്ള തുകൊണ്ട് എല്ലാ കുട്ടികളും വിദ്യാലയത്തിൽ എത്തുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാലയങ്ങളിൽ ആഘോഷമായി മാറ്റുന്ന ഈ അവസരത്തിൽ ഞങ്ങൾ കുറഞ്ഞ വിദ്യാർത്ഥികളെ വെച്ച് മെട്ടപ്പെട്ട റിസൾട്ട് ഉണ്ടാക്കാൻ കഠിനശ്രമം നടത്തുന്നു.

1. എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് നിലവാരത്തിൽ ഉയർന്നില്ല എന്നത് ഒരു പരിമിതിയാണ്.
2. സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, ഗണിത ലാബ്, സോഷ്യൽസയൻസ് ലാബ് എന്നിവയുടെ അഭാവം ലമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് പരിമിതി സൃഷ്ടിക്കുന്നു.
3. പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് തുടങ്ങിയ ജോലികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.
4. ഗേറ്റും ചുറ്റമതിലും നവീകരിച്ച് ആകർഷകമാക്കിയിട്ടുണ്ട്
5. മാലിന്യനിർമ്മാർജ്ജനത്തിന്റെ സംവിധാനത്തിന്റെ അഭാവം നമ്മുടെ വിദ്യാലയം നേരിടുന്ന മറ്റൊരു പ്രശ്നമാണ്.
6. കിണർ റീച്ചാർജ്ജിംഗുള്ള സംവിധാനം ഒരുക്കേണ്ടതായിട്ടുണ്ട്.
7. അടുക്കള നവീകരിക്കേണ്ടതുണ്ട്. സ്റ്റോറൂമിലും ഡൈനിംങ് റൂമിലും ആവശ്യത്തിനു ഫർണീച്ചറുകളും പാത്രങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.
8. ആൺക്കുട്ടികൾക്കും പെൺക്കുട്ടികൾക്കും ടോയലറ്റ് സൗകര്യം, ഹൻഡ് വാഷ് സൗകര്യം ലഭിച്ച
9. ക്ലാസ്സ് മുറികളിൽ ഇന്റർകോം സംവിധാനം ആവശ്യമാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുലക്ഷ്യങ്ങൾ

1. പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാല്യവിഷ്കരിക്കൽ.
2. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ജൈവവൈവിധ്യ ഉദ്യാനനിർമ്മാണം.
3. ലാബ്, ലൈബ്രറി എന്നിവ ആധുനികവൽക്കരിക്കണം
4. കൗൺസിലിംഗ് സംവിധാനം ലക്ഷ്യമാക്കൽ.
5. സർഗപരമായ കഴിവുകളെ വളർത്തൽ.
6. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന.
7. സ്കൂൾ തലത്തിൽ കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കൽ.
8. വിദ്യാഭ്യാസത്തിൽ ജനാധിപത്യവൽക്കരണം ഉറപ്പാക്കൽ.
9. ലഹരി വിരുദ്ധ മനോഭാവം വളർത്തൽ.
10. പ്ലാസ്റ്റിക്ക് മുക്ത, ലഹരി മുക്ത, കീടനാശിനി മുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കും.
11. കാർഷിക സംസ്കാരം വളർത്തിയെടുക്കൽ.
12. സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തി ആകർഷകമാക്കും.
13. സമഗ്ര വിദ്യാഭ്യാസ വികസന രൂപരേഖ നിർമ്മാണം.
14. മികച്ച അധ്യാപകരെ വാർത്തെടുക്കൽ.

# പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## അക്കാദമിക്ക് നേട്ടങ്ങൾ

1. പി.പി. മുതൽ 7-ാം ക്ലാസ്സ്വരെയുള്ള ഒരോ ക്ലാസ്സിലും കുട്ടികൾ കുട്ടി പ്രതീക്ഷിച്ച നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടിണ്ട് എന്ന് ഉറപ്പുവരുത്തൽ.
2. എല്ലാ കുട്ടികൾക്കും പഠനത്തിനും, വികാസത്തിനും തുല്ല്യ അവസരം ഒരുക്കൽ.
3. മികച്ച മാനസിക-വൈകാരിക-ശാരീരിക ആരോഗ്യം ഉറപ്പാക്കൽ.
4. മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിലായി വിദ്യാലയത്തിന്റെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക.
5. മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
6. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയരമുറപ്പാക്കാൻ ജനകീയ സംവിധാനം രൂപപ്പെടുത്തൽ.
7. തുടർച്ചയായതും, സമഗ്രവുമായ മൂല്യനിർണയം.
8. പ്രത്യേക പരിഗണ അർഹിക്കുന്ന വിദ്യാർത്ഥികളുൾപ്പടെ ആധുനിക ശാസത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠനത്തിനായി വിനിയോഗിക്കൽ.
9. സമയബന്ധിതമായ ഉദ്യോഗസ്ഥ നിരീക്ഷണ സംവിധാനം രൂപപ്പെടുത്തൽ.

മേഖല – അക്കാദമിയം : **മലയാളം**

| SI No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിങ് |
|---|---|---|---|---|---|---|---|
| 1 | ഭാഷ വികാസം<br>മലയാളം<br>ലക്ഷ്യം<br>• ചിത്രങ്ങളും, കഥകളും പറയാനുള്ള കഴിവ്<br>• കണ്ട കാര്യം പറയാനുള്ള ശേഷി<br>• ശേഖരിക്കാനുള്ള മനോഭാവം<br>• അനുഭവങ്ങൾ വിവരിക്കാനുള്ള ശേഷി<br>• ഭാഷലാബ് | ചിത്രം– കഥ പറയൽ കഥ ബാക്കി മലയാളം പറയൽ, ചിത്ര രചന, നിറം നൽകൽ വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (***) ആശയങ്ങൾ പറയാൻ കഴിയുന്നു. ശബ്ദം തിരിച്ചറിയൽ കളി (പക്ഷികൾ, മൃഗങ്ങൾ ആംഗ്യപ്പാട്ട് ശ്രദ്ധിക്കൽ (ഐ.സി.ടി.) പാട്ടുകേൾക്കൽ, കഥ കേൾക്കൽ, പാവനാടകം, റോൾപ്ലേ, ചമഞ്ഞു കളി തുടങ്ങിയ സന്ദർഭങ്ങളിൽ അഭിനയിക്കാൻ കഴിയുന്നു.<br>നാചികം, അഭിനയം, ചിത്രാവിഷ്കാരം ലൈബ്രറി, അധിക വായനക്കുള്ള പുസ്തകങ്ങൾ, സ്കൂൾ പത്രം, മാസികകൾ, സചിത്ര പാഠപുസ്തകം, പിന്തുണാ ബുക്ക്, പഠനോപകരണശില്പശാല,ഡയറി | ദീർഘകാലം | P.P.tr | P.T.A | P.P.Tr. | H.M. |
| **മേഖല – അക്കാദമിയം : കണക്ക്** | | | | | | | |
| 1. | വൈജ്ഞാനിക വികാസം<br>കണക്ക്<br>ലക്ഷ്യം വട്ടം, ചതുരം, ഉരുണ്ടത്, പരന്നത്, നീളം കണ്ടെത്തുന്നതിന് കഴിയുന്നു.നിരീക്ഷിച്ചി സ്ഥാനം പറയാൻ കഴി | | | | | | |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| | യുന്ന ഗണിത പാറ്റേണുകൾ ക്രമീകരിക്കാൻ കഴിയുന്നു. ഗണിത പ്രൊജക്ടുകളിൽ ഏർപ്പെടുന്നു. സംഖ്യയും വസ്തുകളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയുന്നു. | നിറം, വലുപ്പം, ആകൃതി, മണം, ശബ്ദം, രുചി, മിനുസം കണ്ടെത്തൽ, വസ്തുക്കൾ നിരീക്ഷിക്കൽ, വട്ടം, ചതുരം, നീളം, പരന്നത്, ഉരുണ്ടത, മുത്തു കോർക്കൽ, ഫിംഗർ പ്രിന്റർ, ജിഗ്സോപസിലുകൾ ശേഖരണം. തീപ്പെട്ടി ബ്ലോക്കുകൾ എണ്ണത്തിനനുസരിച്ച് ക്രമീകരിക്കൽ കൂട്ടങ്ങളാക്കൽ, വഴി കണ്ടെത്തൽ. | ദീർഘ കാലം | P.P.tr | P.T.A | P.P.Tr. | H.M. |
| 2. | സാമൂഹിക വൈകാരിക വികസനം<br>ലക്ഷ്യം<br>ആഹാരം, മറ്റു വസ്തുക്കൾ എന്നിവ മറ്റുള്ളവരുമായി പങ്കു വെയ്ക്കാനും , ഊഴം കാത്തിരിക്കാനും കഴിയുന്നു. നല്ല പ്രവർത്തികൾ കയ്യടിച്ചു പ്രോൽസാഹിപ്പിക്കുന്നതിനുള്ള കഴിവ്, അറിവ്, വ്യത്യസ്ത ബന്ധങ്ങൾ (അമ്മ, അച്ഛൻ, ചേട്ടൻ മനസിലാക്കുന്നു. | കൂട്ടായ്മയുള്ള പ്രവർത്തനങ്ങൾ,<br>ഊഴം കാക്കൽ കളി,<br>പാന കളികോപ്പുകൾ പങ്കുവവെയ്ക്കൽ റോൾപ്ലേ,<br>കഥ പറയൽ,<br>ചമഞ്ഞു കളി,<br>അനുഭവങ്ങൾ പറയൽ ,<br>അഭിനയ ഗാനം,<br>പ്രകൃതി നടത്തം,<br>പൂന്തോട്ട നിർമ്മാണം,<br>ചെടിക്ക് വെള്ളമൊഴിക്കൽ,<br>മറ്റുള്ളവരെ ബഹുമാനിക്കൽ | | | | | |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 3. | സർഗാത്മക-സൗന്ദര്യാത്മക വികാസം ലക്ഷ്യം സംഗീതപരമായ ബുദ്ധി, ദൃശ്യസ്ഥലപരമായ ബുദ്ധി | കഥാഗാനങ്ങൾ, കൂട്ടപ്പാട്ട്, വിവിധ തരം പാട്ടുകൾ കേൾക്കൽ, ആംഗ്യപ്പാട്ട്, തരാട്ടുപ്പാട്ട്, സിനിമ പാട്ട് കേൾക്കൽ | ദീർഘകാലം | P.P.tr | P.T.A | P.P.Tr. | H.M. |
| **ഉപമേഖല – ഭാഷ : മലയാളം** | | | | | | | |
| 1 | ലക്ഷ്യങ്ങൾ<br>1.ഭാഷപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ, കുട്ടികളുടെ നിലവാരമനുസരിച്ച് വായനസാമഗ്രഹികളുടെ ശേഖരണം, നിർമ്മാണം. | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹനങ്ങൾ ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ചിത്രം- കഥ പറയൽ<br>• ചിത്രം കഥ എഴുതൽ<br>• വരികൾ കൂട്ടി ചേർക്കൽ<br>• ചിത്ര രചന<br>• ഓക്കുക്ല പൂരിപ്പിക്കൽ<br>• പദ പൂർത്തീകരണം<br>• അക്ഷര കളികൾ<br>• Remerdial Teaching | June To March | മലയാളം Tr.<br>ഭാഷ ക്ലബ് | P.T.A. | മലയാളം Tr.<br>ഭാഷ ക്ലബ് | H M<br>P T A<br>B R A |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വയനാക്കൂട്ടം) | • ക്ലാസ്സ് വായനക്കൂട്ടം ആരംഭിക്കൽ,<br>• ക്ലാസ്സ് ലൈബ്രറി,<br>• വായന മൂല രൂപീകരിക്കൽ,<br>• പത്രവായന- സ്കൂൾ അസംബ്ലി,<br>• റേഡിയോ, വായനാനുഭവം പങ്കുവെയ്ക്കൽ,<br>• ദിനാചരണങ്ങൾ,<br>• മാനസിക നിർമ്മാണം,<br>• അക്ഷര മരം നിർമ്മാണം<br>• വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>• വായമകുറിപ്പ് പതിപ്പിക്കൽ | One Year | മലയാളം Tr. | P.T.A<br>OSA<br>SSA | മലയാളം Tr. | H M<br>P T A<br>B R C |
| 3 | കുട്ടിയെ മികച്ച എഴുത്തിക്കരനാക്കുക (എഴുത്തുക്കൂട്ടം) | • എഴുത്തുക്കൂട്ട രൂപീകരണം,<br>• പുസ്തക ചർച്ച,<br>• പദപ്രശ്ന രൂപീകരണം,<br>• ക്ലാസ്സ് മാസികകൾ<br>• ചുമർ പത്രികകൾ,<br>• കഥാരചന,<br>• കവിതാ രചന,<br>• അക്ഷരകളികൾ | ദീർഘ കാലം | മലയാളം Tr. | P.T.A | മലയാളം Tr. | H M<br>P T A |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 4. | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുക്കാരെ സ്കൂളിലെത്തിക്കാൻ അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ. | വർഷത്തിൽ 2 തവണ | H M PTA | OSA സ്പോൺസർഷിപ്പ് | H M PTA | SSA DIET |
| 5. | ബാലസഭ ശക്തിപ്പെടുത്തൽ ലക്ഷ്യം ക്ലാസ്സ് മുറിയിൽ രൂപപ്പെട്ട ആവിഷ്ക്കാര രൂപങ്ങൾ അവതരിപ്പിക്കാനുള്ള വേദി | മികച്ച ആവിഷ്ക്കാരം കണ്ടെത്തൽ, ബാലസഭയുടെ അജണ്ട മുൽക്കൂട്ടി നിശ്ചയിക്കൽ, നടത്തിപ്പു ചുമതല പൂർണമായും കുട്ടികൾക്ക്, വിദ്യാരംഗം – പങ്കാളിത്തം | June To March | മലയാളം Tr. | SSA | H M മലയാളം Tr. | SSA P T A |
| 6. | സർഗച്ചുവർ | സ്കൂൾ ഓഫീസിനു മുന്നിലായി കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം, കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കൽ, പ്രദർശിപ്പിച്ച രചനകളെ പറ്റി രക്ഷകർത്താക്കൾക്ക് ബുക്കിൽ അഭിപ്രായം രേഖപ്പെടുത്തൽ. | 5 Year | H M SRG മലയാളം Tr. | SSA | Muncipality OSA | P T A B R C |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല : അക്കാദമിയം – ഹിന്ദി** | | | | | | | |
| 1. | യു.പി. തലത്തിലെ കുട്ടികളുടെ ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദി അക്ഷരം ഉറപ്പിക്കൽ , ചിഹ്നം ഉറപ്പിക്കൽ, വാക്കുകൾ ഉറപ്പിക്കൽ, പദ പൂർത്തീകരണം, അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, വാക്കുകൾ എഴുതിയ കാർഡുകൾ, വാക്കുകളുടെ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം, വായന സാമഗ്രഹികൾ നൽകികൊണ്ടുള്ള വായന, ഭാഷ പ്രയോഗത്തിനാവശ്യമായ വ്യാകരണ ബോധം ഉറപ്പിക്കൽ | ജൂൺ – ആഗസ്റ്റ് | ഹിന്ദി ടീച്ചർ | P T A | ഹിന്ദിടീച്ചർ | H M |
| 2. | ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി ഉറപ്പിക്കൽ | കാണുന്നതും, കേൾക്കുന്നതും. ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ,<br><br>ഹിന്ദിയിലെ വാക്കുകൾ ഉപയോഗിച്ച് ലഘു സംഭാഷണത്തിനു അവസരം നൽകൽ | സെപ്റ്റംബർ – ഒക്ടോബർ<br><br>സെപ്റ്റംബർ – ഫെബ്രുവരി | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്<br><br>ഹിന്ദി ടീച്ചർ | P T A | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ് അംഗങ്ങൾ<br><br>ഹിന്ദി ടീച്ചർ | H M<br><br>H M |
| 3. | ഹിന്ദി അസംബ്ലി | ആഴ്ചയിലെ ഒരു ദിവസം ഹിന്ദി പ്രാർത്ഥന, പ്രതിജ്ഞ, സ്വയം പരിചയപ്പെടുത്തൽ, ഹിന്ദി കഥ, കവിത എന്നിവ അവതരിപ്പിക്കാനുള്ള അവസരം (സുരീലി അസംബ്ലി) | ആഗസ്റ്റ് – ഫെബ്രുവരി | ഹിന്ദി ടീച്ചർ ക്ലാസ്സ് ടീച്ചർ | | ഹിന്ദി ടീച്ചർ | H M<br><br>Sr.Asst. |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 4. | സുരീലി ഹിന്ദി പ്രവർത്തനങ്ങൾ വഴി ഭാഷ ശേഷി വികസിപ്പിക്കാനുള്ള അവസരം | ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ – 14, ജനുവരി 10)<br>ഗുരീലി സഭ (ഹിന്ദി ക്ലബ്) പ്രവീത്തനങ്ങൾ<br>ഗുരീലി സഞ്ചിക തയ്യാറാക്കൽ, ഹിന്ദി മാഗസിൻ നിർമ്മാണം, വാചൻ കോന (വായന മൂല) , അധിക വായന സാമഗ്രഹികൾ<br>ഗുരീലി ഉത്സവ് – കുട്ടികളുടെ ഉല്പന്നങ്ങൾ, കലാപരിപാടികൾ എന്നിവയുടെ പരിശീലനം | ആഗസ്റ്റ് – ഫെബ്രുവരി | ഹിന്ദി ടീച്ചർ ക്ലാസ്സ് ടീച്ചർ | P T A<br>B R C | ,ഹിന്ദി ടീച്ചർ | H M<br>Sr.Asst. |

മേഖല : **English – U.P.**

| SI No. | പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. | Insufficient Vocabulary | • Word Games<br>• Word study using computer<br>• Spelling contests<br>• Dictionary making using the word of Text book | 2023-24 | 5000 | PTA, Teacher |
| 2. | Detective Pronounciation | • Audio, Video clipping on Correct pronounciation<br>• Language lab<br>• ICT Facilities<br>• Video clipping<br>• Class of Phonetics bt experts | 2023-24 | 100000 | PTA Alumi |

| | | | | | |
|---|---|---|---|---|---|
| 3. | Addressing slow pace features | • TM and TLM Addressing<br>• Special coaching | 2023 | 3000 | Teacher |
| 4. | Children | • Introducing english library<br>• English book exhibition<br>• Magazine created by children | Continuous programme | | Teacher |
| 5. | Illegible Handwriting | • Writing with ICT facilities<br>• English diary<br>• Peer group learning | 2023–24 | 500 | Teachers and Students |
| 6. | Deffective sentence Pattern | • Making sentence card<br>• Using sentence card in class room<br>• Correct sentence structure with ICT facilities | 2023–24 | 25000 | HM<br>Teacher<br>SSK |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല : അക്കാദമിയം ഉപമേഖല – ഇംഗ്ലീഷ്** | | | | | | | |
| 1. | ഇംഗ്ലീഷ് കോർണർ ലക്ഷ്യം ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | • ക്ലാസ്സ് മുറികളിൽ പ്രസദ്ധീകരണങ്ങൾ, പുസ്തകൾ എന്നിവയുടെ ശേഖമണം ഒരുക്കൽ<br>• ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് Tr. ഇംഗ്ലീഷ് ക്ലബ് | SSA OSA | ഇംഗ്ലീഷ് | HM PTA |
| 2. | പദപ്രശ്ന നിർമ്മണം ലക്ഷ്യം കളികളിലൂടെയുള്ള ഭാഷ പഠനം | • ഇംഗ്ലീഷ് പദപ്രശ്ന നിർമ്മാണം<br>• കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം കണ്ടെത്തൽ<br>• വിജയികളെ പ്രഖ്യാപിക്കൽ | | | | | |
| 3. | കാർഡ് വായന, ലക്ഷ്യം ചിത്രങ്ങളും , വാക്കുകളും ഉപയോഗിച്ച് വായിക്കാനുള്ള പരശീലനം. | • കർഡ് ഗെയിം,<br>• ടെക്സ്റ്റ് ബുക്ക്,<br>• ലൈബ്രറി ബുക്ക്,<br>• എന്നിവയിൽ നിന്നും ചിത്രങ്ങൾ കണ്ടെത്തി പരിശീലനം. | ദീർഘകാലം | ഇംഗ്ലീഷ് Tr. | PTA | ഇംഗ്ലീഷ് | HM PTA |
| 4. | ഇംഗ്ലീഷിൽ ലഘു സംഭാഷണം, കവിതാലാപനം, ലക്ഷ്യം, ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | • ക്ലാസ്സ് മുറിയൽ നടക്കുന്ന പ്രവർത്തനങ്ങൾ<br>• ഐ.സി.റ്റി. ഉപയോഗിച്ച് പരിശീലനം<br>• ടി.ബി. യിലെ കവിതകളുടെ തീം. | മധ്യകാലം | ഇംഗ്ലീഷ് Tr. | PTA | ഇംഗ്ലീഷ് | HM PTA |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 5 | പത്രവായന<br>ലക്ഷ്യം<br>ഭാഷാ വികസനം | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ഈംഗ്ലീഷ് Tr. | PTA<br>OSA | ഈംഗ്ലീഷ് Tr. | HM<br>PTA |
| 6 | സ്റ്റോറി ടൈം.<br>ലക്ഷ്യം<br>കഥകൾ, കവിതകൾ, എന്നിവ വായിക്കുവാനും, വിശകലനം ചെയ്യുവാനുമുള്ള കഴിവ് ഉണ്ടാക്കൽ | ടി.വി യിൽ നിന്നുള്ള കഥാവതരണം. കാർട്ടൂൺ വീഡിയോ ഉപയോഗിച്ച്. സമഗ്രയിൽ നിന്നുള്ള വീഡിയോ ഉപയോഗിച്ച് അവതരണം. | ഒരു വർഷം | ഈംഗ്ലീഷ് Tr. | PTA | ഈംഗ്ലീഷ് Tr. | HM<br>PTA |
| 7 | Radio – Drizzle<br>ലക്ഷ്യം<br>വിവിധ പരിപാടികൾ ഇംഗ്ലീഷ് അവതരണം | വാർത്താവതരണം.<br>കവിത.<br>ഈംഗ്ലീഷ് പാട്ടുകൾ.<br>നാടകം. | ദീർഘ കാലം | ഈംഗ്ലീഷ് Tr. | SSA<br>PTA | ഈംഗ്ലീഷ് Tr.<br>ഇംഗ്ലീഷ് ക്ലബ്ബ് | HM<br>SSA |
| **മേഖല : അക്കാദമികം – ഉപമേഖല-ഹിന്ദി** | | | | | | | |
| 1 | ഹിന്ദി<br>രാഷ്ട്ര ഭാഷ. ശ്രേഷ്ഠ ഭാഷ.<br>ലക്ഷ്യം.<br>1.ഹിന്ദി പഠനം കാര്യക്ഷമമാക്കൽ<br>2.ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക | • ഹിന്ദിയിലെ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാക്കുകൾ ഉറപ്പിക്കൽ. പദപൂർത്തീകരണം<br>• വായന സാമഗ്രികൾ നൽകികൊണ്ടുള്ള വായന<br>• ഹിന്ദിയിലെ വാക്കുകൾ ഉപയോഗിച്ച് ലഘു സംഭാഷണത്തിന് അവസരം നൽകൽ. | ദീർഘ കാലം | ഹിന്ദി ടീച്ചർ | PTA<br>OSA | ഹിന്ദി ടീച്ചർ | HM |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 2. | ഹിന്ദി അസംബ്ലി | • ആഴ്ച്ചയിൽ ഒരു ദിവസം ഹിന്ദി പ്രർത്ഥന<br>• ഗ്വായം പരിചയപ്പെടുത്തൽ. പ്രതിജ്ഞ.,<br>• ഹിന്ദി കവിത ചൊല്ലാൻ അവസരം<br>• കഥ പറയുന്നതിനുള്ള അവസരം. | ദീർഘകാലം | ഹിന്ദി ടീച്ചർ ക്ലാസ് ടീച്ചർ | PTA | ഹിന്ദി ടീച്ചർ ക്ലാസ് ടീച്ചർ | HM Sr. Asst. |
| 3 | ഹിന്ദി സ്കിറ്റ്. | • പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കിറ്റ് അവതരണത്തിന് സാധ്യമായ പാഠഭാഗങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>• അധ്യാപകന്റെ സഹായത്തോടെ സ്ക്രിപ്റ്റ് തയ്യാറാക്കൽ.<br>• പരിശീലനത്തനി അവസരം നൽകൽ.<br>• മികച്ച സ്കിറ്റ് ബാലസഭയിൽ അവതരിപ്പിക്കൽ. | ദീർഘകാലം | ഹിന്ദി ടീച്ചർ ക്ലാസ് ടീച്ചർ | PTA | ഹിന്ദി ടീച്ചർ | HM PTA |
| 4 | മാഗസീൻ നിർമ്മാണം | • കുട്ടികളുടെ കഥകൾ, കവിതകൾ, പോസ്റ്റർ, സംഭാഗണം, എന്നിവയെല്ലാം ഉൾക്കൊള്ളിച്ച് മാഗസീൻ നിർമ്മാണം.<br>• പ്രദർശനം. | ഒരു വർഷം | ഹിന്ദി ടീച്ചർ | PTA | ഹിന്ദി ടീച്ചർ | HM PTA |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 5 | ICT Based ഹിന്ദി ക്ലാസുകൾ സാങ്കേതിക വിദ്യാ സാധ്യതകൾ ഹിന്ദി ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തൽ | • T.B യിലെ പാഠങ്ങൾ ICT സാധ്യത ഉപയോഗിച്ച് ക്ലാസ് എടുക്കൽ,<br>• മുഴുവൻ കുട്ടികളേയും ഹിന്ദി കമ്പ്യൂട്ടിങ് പരിശീലിപ്പിക്കൽ. | ഒരു വർഷം | ഹിന്ദി ടീച്ചർ | PTA SSA | ഹിന്ദി ടീച്ചർ | HM |
| 6 | ഹിന്ദി ദിനാചരണങ്ങൾ<br>ദിനങ്ങളുടെ പ്രാധാന്യം കുട്ടികളിലെത്തിക്കുന്നതിന് അവസരം | ഹിന്ദിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തൽ നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കൽ. | ഒരു വർഷം | ഹിന്ദി ടീച്ചർ | PTA | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്ബ് | HM |
| **മേഖല : അക്കാദമികം – ഉപമേഖല–അടിസ്ഥാന ശാസ്ത്രം** | | | | | | | |
| 1 | ജൈവ വൈവിധ്യ ഉദ്യാനം.<br>പ്രകൃതിയെ അടുത്തറിയൽ.<br>സ്കൂളിനെ പാഠപുസ്തകമാക്കൽ | • ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം.<br>• ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ<br>• ജൈവ വൈവിധ്യ ഉദ്യാനവുമായി ബന്ധപ്പെട്ട വിഷയങ്ങളും, ക്ലാസുകളിൽ നൽകാവുന്ന പഠന പ്രവർത്തനങ്ങളും ലിസ്റ്റ് ചെയ്യൽ<br>• പ്രാദേശിക സസ്യങ്ങൾ നടൽ | ദീർഘകാലം | BRC | SSA Municipality | HM SRG | SSA BRC |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| | | • ഓഷധ തോട്ട നിർമ്മാണം<br>• കലഭോദ്യാനം. മണ്ണ് സംരക്ഷണം. | | | | | |
| 2. | കാസ്ത്രോപകർണ നിർമ്മാണ ശിൽപശാല.<br>ലക്ഷ്യം.<br>1 മുതൽ 7 വരെ ക്ലാസുകളിൽ പരിസര പഠനം അടിസ്ഥാനശാസ്ത്രം എന്നിവ പഠിപ്പിക്കുന്നതിനുള്ള ഉപകരണ നിർമ്മാണം. | 1. പഠനോപകരണങ്ങൾ ആവശ്യമാ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>2. വസ്തുക്കളുടെ ശേഖരണം<br>3. അദ്യാപകരെ കൂടാതെ വിദഗ്ധരെ കണ്ടെത്തൽ<br>4. ശിൽപ്പശാല ചുമതല നൽകൽ.<br>5. നിർമ്മിച്ച ഉപകരണങ്ങളെ തരം തിരിക്കൽ.<br>6. പ്രദർശനം.<br>7. ശാസ്ത്ര മേളയിലെ പഹ്കാളിത്തം. | മധ്യകാലം | ശാസ്ത്ര അധ്യാപകൻ<br>HM<br>SRG | SSA<br>OSA | HM | SSA<br>DIET |
| 3 | ദിനാചരണങ്ങൾ.<br>ലക്ഷ്യം.<br>വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ദീർഘകാലം | SRG | PTA | HM<br>Sr. Asst.<br>SRG | HM<br>PTA<br>OLD<br>Student |
| 4 | കാസ്ത്ര ലാബ് നവീകരണം.<br>ലക്ഷ്യം.<br>കാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും, രാസ വസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ, കാർറലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ തയ്യാറാക്കൽ | ഒരു വർഷം | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | SSA<br>Municipality<br>OSA | HM<br>SRG | SSA<br>PTA<br>OSA |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 5 | ഫീൽഡ് ട്രിപ്പ്. ലക്ഷ്യം. വാതിൽ പുറ ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രവർത്തനങ്ങൾ, സ്വാമി നാഥൻ ഫൗണ്ടേഷൻ മേപ്പാടി എന്നിവി ടങ്ങളിലേക്ക് പഠന യാത്ര. | പ്രതി വർഷം ഒരു യാത്ര | HM SRG Science Tr. | SSA Municipality OSA | HM SRG | SSA PTA OSA |
| 6 | മേളകൾ ലക്ഷ്യം. ശാസ്ത്രം പ്രവർത്തന മാണ്. | സ്ക്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം. ഉപജില്ലാ തല പങ്കാളിത്തം. | ഒരു വർഷം | SRG Science Tr. | PTA | Science Tr. Science Club | SSA PTA OSA |
| **മേഖല : അക്കാദമികം – ഉപമേഖല–സാമൂഹ്യ ശാസ്ത്രം** | | | | | | | |
| 1 | സാമൂഹ്യ ശാസ്ത്രം. സാമൂഹ്യ ശാസ്ത്ര ലാബ്. ലക്ഷ്യം. | വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുക. | വർഷ ത്തിൽ ഒന്ന് | Social Tr. SS Club | PTA | SRG SS Club | HM PTA |
| 2. | സാമൂഹ്യ ശാസ്ത്ര ലൈബ്രറി. ലക്ഷ്യം– സാമൂഹ്യ ശാസ്ത്ര ത്തിന്റെ വിശാലതയി ലേക്ക് എത്തിക്കൽ. | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകഹ്ങൾ, അറ്റലസുകൾ, എന്നിവ ക്രമീകരിച്ച് വായന കോർണർ ഒരുക്കൽ | ജൂൺ – മാർച്ച് | SS Tr. SS Club | PTA | SRG SS Tr. | HM PTA |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 3. | ബുള്ളറ്റിൻ ബോർഡ്. ലക്ഷ്യം– എസ്.എസ്. അറിവുകളെ അപ്ഡേറ്റ് ചെയ്യൽ. | ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ എല്ലാ ദിവസത്തേയും വാർത്ത പ്രദർശിപ്പിക്കൽ. | ദീർഘ കാലം | SS Tr.<br>SS Club | PTA | SRG<br>SS Tr. | HM<br>PTA |
| 4 | ചരിത്ര നാടക രചന. ലക്ഷ്യം രചനപരമായ കഴിവ് വളർത്തൽ. | 1. നാടകാവിഷ്ക്കാരത്തിന് സാധ്യമായ പാഠഭാഗങ്ങൾ ക്രമീകരിക്കൽ.<br>2. സ്ക്രിപ്പ് തയായറാക്കൽ ചുമതല നൽകൽ.<br>3. ദൃശ്യാവിഷ്ക്കാരം. | ജൂൺ – മാർച്ച് | SS Tr.<br>SS Club | PTA<br>Municipality<br>OSA | SS Tr. | HM<br>PTA |
| 5 | മാഗസീൻ തയ്യാറാക്കൽ | ** ക്ലാസ് തല പ്രവർത്തനങ്ങളിൽ രൂപം കൊണ്ട സെമിനാർ, പ്രോജക്റ്റുകൾ, കുറിപ്പുകൾ, പോസ്റ്ററുകൾ എന്നിവയെല്ലാം ചേർത്ത് മാഗസീൻ നിർമ്മാണം.<br>** മാഗസീന്റെ പ്രദർശനം. | ജൂൺ – മാർച്ച് | SS Tr.<br>SS Club | PTA<br>Municipality<br>OSA | SS Tr. | HM<br>PTA |
| 6 | പ്രാദേശിക രചന തയ്യാറാക്കൽ | ക്ലാസ് തല പ്രവർത്തനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ, പ്രദേശത്തെ വ്യക്തികളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ, പ്രദേശത്തെ ഉറവിടങ്ങലിൽ നിന്നും വിവരങ്ങൾ ശേഖരിക്കൽ. | ജൂൺ – ജൂലായ് | SS Tr.<br>SS Club | PTA | SRG<br>SS Tr. | HM<br>PTA |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല : അക്കാദമികം – ഉപമേഖല – ഗണിതം** | | | | | | | |
| 1 | ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ. ലക്ഷ്യം– അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കുക. | • സ്ക്കൂൾ പടിക്കെട്ടുകൾ ഗണിത അക്കങ്ങൾ ഉപയോഗപ്പെടുത്തി ആകർഷകമാക്കൽ.<br>• വാതിലിന്റെ മുകളിൽ കോൺ.<br>• ചുമരിൽ മീറ്റർ, സെന്റീമീറ്റർ എന്നിവ അടയാളപ്പെടുത്തൽ (പൊക്കം)<br>• ഗണിത ചുമർ (പാറ്റേണുകൾ ജ്യാമിതീയ രൂപങ്ങൾ.)<br>• വെയ്റ്റ് നോക്കുന്ന മെഷീൻ.<br>• പൂന്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം എന്നിവയിൽ ഗണിതാന്തരീക്ഷം ഒരുക്കൽ. | ദീർഘകാലം | HM<br>SRG<br>ഗണിത അധ്യാപകൻ | SSS<br>Municipality<br>OSA | HM | SSA<br>PTA<br>DUET |
| 2 | ഗണിത മൂല. ലക്ഷ്യം– ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തൽ. | • ഗണിത പുസ്തകങ്ങൾ.<br>• ഇൂപങ്ങൾ, അബാക്കസ്, പസിലുകൾ.<br>• കുന്നിക്കുരു, മഞ്ചാടി.<br>• നമ്പർ ചാർട്ട് ചുമർ ചാർട്ട് (ഗുണനപട്ടിക, സങ്കലനം, വ്യവകലനം).<br>• ഗണിതശാസ്ത്രജ്ഞരുടെ പെയിംന്റിംഗ്<br>• ഏകകങ്ങൾ<br>• ഗണിതപാട്ടുകൾ. | ദീർഘകാലം | HM<br>SRG<br>ഗണിത അധ്യാപകൻ | SSS<br>Municipality<br>OSA | HM<br>ഗണിത അധ്യാപകൻ | SSA<br>DIET |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 3 | സംഖ്യാ ബോധം വളർത്തൽ. | • സംഖ്യാ കാർഡുകൾ നൽകൽ.<br>• കുത്തുകൾ യോജിപ്പിക്കൽ.<br>• സംഖ്യാ നിർമ്മാണം.<br>• സൃഖ്യാ ചാർട്ടുകൾ.<br>• ഗണിത കേളികൾ. | ജൂൺ – മാർച്ച് | ഗണിത അധ്യാപകൻ | PTA | ഗണിത അധ്യാപകൻ | HM |
| 4 | സംഖ്യാ താരതമ്യം | • സംഖ്യാ കാർഡുകൾ നൽകൽ.<br>• ചിത്രങ്ങൾ നോക്കി വലുത്, ചെറുത് നിർമിക്കുന്നു.<br>• സംഖ്യാ നിർമ്മാണം.<br>• സംഖ്യാ ചാർച്ച് നിർമ്മാണം.<br>• ഗണിത കേളികൾ. | ജൂൺ – മാർച്ച് | ഗണിത അധ്യാപകൻ | PTA | ഗണിത അധ്യാപകൻ | HM |
| 5 | സ്ഥാന വില | • സ്ഥാനവില പോക്കറ്റ് നിർമ്മാണം.<br>• അബാക്കസ് നിർമ്മാണം.<br>• മഞ്ചാടി ഉപയോഗിച്ച് ഒറ്റ, പത്ത്, നൂറ് എന്നീ ക്രമത്തിൽ സംഖ്യകളെ ക്രമീകരിക്കൽ.<br>• പട്ടിക പൂർത്തിയാക്കൽ. | ജൂൺ – മാർച്ച് | ഗണിത അധ്യാപകൻ | PTA | ഗണിത അധ്യാപകൻ | HM |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 6. | അടിസ്ഥാന ക്രിയകൾ | • ഗണിത കേളികൾ<br>• മുത്ത്, മഞ്ചാടിക്കുരു എന്നിവ ഉപയോഗിച്ച് സങ്കലനം, വ്യവകലനം.<br>• നിശ്ചിത സംഖ്യയെ അടിസ്ഥാനമാക്കി കല്ല്, മഞ്ചാടി എന്നിവ ഉപയോഗിച്ച് കൂട്ടങ്ങളാക്കി ഗുണനം, വിവരണം എന്നിവ പരിചയപ്പെടുത്തുന്നു. | ദീർഘം | ഗണിത ടീച്ചർ | PTA, OSA | ഗണിത ടീച്ചർ | HM PTA OSA |
| 7. | ഒറിഗാമി ശിൽപശാല ലക്ഷ്യം– ഇസകരമായ ഗണിത ശാസ്ത്ര പഠനം കരചനല ശേഷികളുടെ വികാസം | • ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം.<br>• ഒിവിധ രൂപങ്ങളുടെ നിർമ്മാണം<br>• പട്ടികപ്പെടുത്തൽ<br>• പ്രദർശനം | മദ്യകാലം | SRG ഗണിത ക്ലബ്ബ് ഗണിത ടീച്ചർ OSA | OSA PTA | ഗണിത ടീച്ചർ OSA SRG | HM SSA |
| 8. | പ്രവർത്തി പരിചയ ഗണിത ശിൽപശാല | • ലാബ് ക്രമീകരണം സൗകര്യ പ്രദമായ മുറികൾ | ദീർഘം | SRG ഗണിത ക്ലബ്ബ് ഗണിത ടീച്ചർ USA | PTA മുനിസിപ്പാലിറ്റി | ഗണിത ടീച്ചർ OSA SRG HM | HM PTA |
| 9. | ഗണിത ലാബ് | • ലാബ് ക്രമീകരണം സൗകര്യ പ്രദമായ മുറികൾ | ദീർഘം | SRG ഗണിത ക്ലബ്ബ് ഗണിത ടീച്ചർ USA | PTA മുനിസിപ്പാലിറ്റി | ഗണിത ടീച്ചർ OSA SRG HM | HM PTA |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല: അക്കാദമിയം – ഉപമേഖല–കലാപഠനം** | | | | | | | |
| 1. | 1. കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.<br>2. കലാഭിരുചി വളർത്തുക.<br>3. ഐ.സി.റ്റി. പ്രയോജനപ്പെടുത്തുക.<br>4. ദേശസ്നേഹം ദേശീയ ബോധം എന്നിവ വളർത്തൽ. | 1. ദേശ ഭക്തിഗാന പരിശീലനം<br>2.നാടൻ പാട്ട് പരിശീലനം.<br>3. കവിത പഠനം.<br>4. ലളിതഗാനാലാപന പരിശീലനം.<br>5. ശാസ്ത്രീയ സംഗീതം അടിസ്ഥാനമാക്കിയുള്ള പാഠഭാഗങ്ങൽ പഠിപ്പിക്കൽ. (ശ്രുതി, താളം)<br>6. ഗോത്ര വിഭാഗങ്ങളിലെ ഗാനങ്ങൾ പാടാനും അവതരിപ്പിക്കാനും അവസരമൊരുക്കൽ. | ദീർഘ കാലം | മ്യൂസിക്ക് ടീച്ചർ | SSA<br>OSA | മ്യൂസിക്ക് ടീച്ചർ<br>Arts Club | HM<br>SSA<br>PTA |
| | | | | | | | |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല : അക്കാദമിയം – പ്രവർത്തി പരിചയം** | | | | | | | |
| 1. | ഉൽപ്പാദനാത്മകമായ പ്രവർത്തനം.<br>ലക്ഷ്യം<br>നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | • ചോക്ക് നിർമ്മാണം.<br>• അഗർബത്തി നിർമ്മാണം.<br>• നോട്ട് നിർമ്മാണം.<br>• ഡസ്റ്റർ.<br>• പതാക.<br>• പേപ്പർ ബാക് | ദീർഘ കാലം | വർക്ക് ടീച്ചർ | PTA<br>SSA<br>OSA | വർക്ക് ടീച്ചർ<br>, HM<br>SRG | HM<br>SSA<br>PTA |
| 2. | പ്രവൃത്തി പരിചയ മേളകളിലെ പങ്കാളിത്തം<br>ലക്ഷ്യം<br>പഠനവും. പ്രവൃത്തിയും ഒന്നിച്ച് ചേർന്ന് മികവിലേക്ക്. | • കൗതുക വസ്തുക്കളുടെ നിർമ്മാണം.<br>• സോപ്പ് നിർമ്മാണം.<br>• ICT ഉപയോഗിച്ച് പുതിയ സാധ്യതകൾ പരിചയപ്പെടൽ<br>• മേളകളിൽ പങ്കാളികളാക്കൽ | ദീർഘ കാലം | വർക്ക് ടീച്ചർ | PTA<br>SSA<br>OSA | വർക്ക് ടീച്ചർ<br>HM<br>SRG | HM<br>SSA<br>PTA |
| | | | | | | | |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല : അക്കാദമിയം – ഉപമേഖല–ആരോഗ്യ കായിക വിദ്യാഭ്യാസം** | | | | | | | |
| 1. | കായിക പരിശീലനം.<br>ലക്ഷ്യം<br>കായിക പരിശീലനം കാര്യക്ഷമമാക്കൽ. | • കുട്ടികളുടെ BMI കണ്ടെത്തൽ.<br>• പരിമിതികൾ പരിഹരിക്കാനാവിശ്യമായ പ്രവർത്തനങ്ങൾ.<br>• രാവിലെയും വൈകുന്നേരവും കായിക പരിശീലനം. | 1 Year | PTA<br>കായിക അധ്യാപകൻ | PTA<br>OSA | PT ടീച്ചർ<br>HM | PTA<br>SSA<br>DIET |
| 2. | കായിക മേളകൾ | • മികവു പുലർത്തുന്നവരെ കണ്ടെത്തൽ.<br>• പ്രത്യേക പരിശീലനം.<br>• മേളയിലെ പങ്കാളിത്തം. | June To March | PTA<br>കായിക അധ്യാപകൻ | SSA<br>PTA | PT ടീച്ചർ | HM<br>PTA<br>SRG<br>OSA |
| 3. | കായിക താരങ്ങൾക്ക് അവാർഡ്<br>ലക്ഷ്യം<br>ആദരിക്കൽ | • സ്ക്കൂൾ തലം, ഉപജില്ലാ തലം, ജില്ലാ തലം വിജയികൾക്ക് ക്യാഷ് അവാർഡ്, മൊമന്റോ വിതരണം. | ഓരോ തലത്തിലേയും മത്സരത്തിന് ശേഷം | HM<br>PTA | PTA | PT ടീച്ചർ | DIET<br>PTA |
| | | | | | | | |

## മേഖല : ഭൗതികം (അനുയോജ്യവും ആകർഷകവും)

**ലക്ഷ്യങ്ങൾ**

- സുരക്ഷിത സുന്ദര ഭൗതികാന്തരീക്ഷം സൃഷ്ടിക്കൽ.
- പ്രത്യേക പരിഗണന ആവശ്യമുള്ളവരെ ഉൾക്കൊല്ളുന്നതായിരിക്കണം.
- ആരോഗ്യ ശുചിത്വ പൂർണമായ ചുറ്റുപാട്.
- ഒഴക്കമുള്ളതും അനുരൂപീകരിക്കാനാവുന്നതും ഭാവിയിലെ വികസനത്തെ തടയാത്തതുമായ ഭൗതിക സൗകര്യം.
- നിലവിലുള്ളവ പുനരുപയോഗിക്കുക പുനരാവിഷ്ക്കരിക്കുക.
- പ്രകൃതിക്ക് അനുയോജ്യമായ ഭൗതിക വികസനം.
- സ്ഥായിയായ ഊർജ്ജസ്രോതസിനെ ആശ്യയിക്കുന്നതാവണം.

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| **മേഖല : ഭൗതികം** | | | | | | | |
| 1. | ഹരിത പരിസരം | • ജൈവ പാർക്ക്<br>• ചെറിയ കുളം<br>• പ്ലാസ്റ്റിക് രഹിത വിദ്യാലയം<br>• ജൈവ കൃഷി | ദീർഘം<br>ഹ്രസ്വം<br>മധ്യം<br>ദീർഘം | HM<br>സയൻസ് ക്ലബ്ബ്<br>TR'S | SSA<br>OSA<br>PTA | HM<br>PTA<br>OSA | SSA<br>Faculty<br>PTA<br>OSA |
| 2. | സുന്ദര ശുചിത്വ പരിസരം | • ശലഭോദ്യാനം<br>• പൂന്തോട്ടം<br>• പാർക്ക്<br>• ഗേറ്റ് ആകർഷകമാക്കൽ<br>• ഗേറ്റിന് ആർച്ച്<br>• പഠന മരത്തണലുകൾ<br>• മാലിന്യ ശേഖരണ സംസ്കരണ സംവിധാനം. | ഹ്രസ്വം<br>ഹ്രസ്വം<br>ദീർഘം<br>ഹ്രസ്വം<br>ഹ്രസ്വം<br>ദീർഘം<br>മധ്യം | HM<br>സയൻസ് ക്ലബ്ബ്<br>TR'S<br>PTA | SSA<br>മുനിസിപ്പാലിറ്റി<br>LGS<br>OSA | HM<br>PTA<br>SMC<br>OSA | മുനിസിപ്പാലിറ്റി |
| 3. | ജല സംരക്ഷണ വിതരണ സംവിധാനം. | • മഴവെള്ള സംഭരണി<br>• കിണർ റീ ചാർജിംഗ്<br>• ക്ലാസിൽ കുടിവെള്ളം | ഹ്രസ്വം<br>മധ്യം<br>ഹ്രസ്വം | HM<br>Cook | മുനിസിപ്പാലിറ്റി | HM | മുനിസിപ്പാലിറ്റി |
| 4. | പോഷകാഹാര വിതരണം ഊട്ടുപുര | • മെനു<br>• വൃത്തിയുള്ള അടുക്കള<br>• ബയോഗ്യാസ് പ്ലാന്റ്<br>• ആധുനിക സൗകര്യങ്ങൾ (കുക്കർ etc)<br>• പാചക വൃത്തി (ശുചിത്വ സാമഗ്രികൾ<br>• ഡൈനിങ്ങ് ഹാൾ<br>• ആദുനിക സൗകര്യങ്ങൾ Store | ഹ്രസ്വം<br>ഹ്രസ്വം<br>ദീർഘം<br>ഹ്രസ്വം<br>ഹ്രസ്വം<br>ദീർഘം<br>ദീർഘം | HM<br>TR<br>N.M Committee | മുനിസിപ്പാലിറ്റി<br>AEO | Noon Feedin g | Noon Meal Officer |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 5 | വിദ്യാർഥി സൗഹൃദ ക്ലാസ് മുറികൾ | • മൾട്ടി മീഡിയ ക്ലാസ് റൂം LCD, Projector, Interactive BP, WiFi, സൗണ്ട് സിസ്റ്റം etc.<br>• പഠനോകരണങ്ങൾ സൂക്ഷിക്കാൻ സൗകര്യമുള്ള കസേരകൾ<br>• ഭിത്തികൾ ആകർഷകമാക്കൽ<br>• ക്ലാസ് റൂം ലൈബ്രറി<br>• സ്മാർച്ച് ക്ലാസ് റൂം<br>• പ്രദർശന ചാർട്ട് (പഠന നേട്ടങ്ങൾ പ്രദർശിപ്പിക്കാൻ)<br>• ബുള്ളറ്റിൻ ബോർഡ്<br>• ക്ലാസ് ഷെൽഫുകൾ, കബോർഡുകൾ<br>• കോളർ മൈക്കിലൂടെ സംസാരിച്ച് എല്ലാവർക്കും ടീച്ചർ പറയുന്നത് വ്യക്തമായി കേൾക്കാനുള്ള സംവിധാനം | ദീർഘം<br>ഹ്രസ്വം<br>മധ്യം<br>ഹ്രസ്വം<br>ദീർഘം<br>ഹ്രസ്വം<br>ഹ്രസ്വം<br>ഹ്രസ്വം<br>ഹ്രസ്വം | HM<br>HM<br>മുനിസിപ്പാലിറ്റി<br>ക്ലാസ് ടീച്ചർ<br>HM ടീച്ചർ | HM<br>SMC<br>OSA | HM<br>HM | SSA<br>HM |
| | | | | | | | |

| SI No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| 6. | കമ്പ്യൂട്ടർ ലാബ് | • ഭിന്നശേഷിക്കാർക്ക് പ്രത്യേക സംവിധാനം | ഹ്രസ്വം | HM | MLA | HM | |
| | | • ആകർഷകമായ പെയിന്റിംഗ് | | | | | |
| | | • ഇന്റർനെറ്റ് വൈഫൈ സൗകര്യം | | | | | |
| | | • അടച്ചുറപ്പുള്ള മുറി | | | | | |
| | | • മുടക്കമില്ലാത്ത വൈദ്യുത വഭ്യത സോളാർ, ജനറേറ്റർ | ദീർഘം | | | | |
| | | • ലാപ്ടോപ്പ്, എൽ.സി.സി, സ്ക്രീൻ, ക്യാമറ, കോളർ മൈക്ക് | മധ്യം | IT teacher | OSA | HM | SSA |
| | | • ഇരിപ്പിട നവീകരണം | | | SSA | SSA | OSA Team |
| | | • ടൂൾകിറ്റ് | | | | | |
| | | • സഞ്ചാര സൗകര്യം | | | | | |
| | | • സൗണ്ട് ബോക്സ് | | | | | |
| | | • ലോഗ് ബുക്ക് | | | | | |
| | | • ടൈടേബിൾ ബോഡ് | | HM | | | |
| | | • ഫുൾടൈം ഫെസിലേറ്റർ | ഹ്രസ്വം | | SSA | SSA | SSA |
| | | • കബ്ദ വിന്യാസം (എല്ലാവർക്കും വഭ്യമാകും വിധം) | | | | | |
| 7. | വിവിധോദ്ദേശ്യ ഹാൾ | • പൊടിരഹിത സംവിധാനം<br>• ഹൈടെക്<br>• മടക്കിവെക്കാവുന്ന ഫർണിച്ചർ<br>• അനുബന്ധ ഉപകരണങ്ങൾ | ദീർഘം | OSA<br>HM | OSA<br>MLA | HM | OSA<br>MLA<br>Office |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 8 | സവിശേഷാവശ്യമുള്ള മുറികൾ | • സംഗീതം നാടകം വർക്ക് എക്സ്പീരിയൻസ് } പ്രത്യേക ഇടങ്ങൾ<br>• റേഡിയോ ക്ലബ്ബിനുള്ള സൗകര്യങ്ങൾ<br>• പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കുള്ള (Resource Centre) IEDC<br>• പത്രം, അനുകാലികങ്ങൾ ക്രമീകരിക്കാനുള്ള സംവിധാനങ്ങൾ (ക്ലാസ്, സ്കൂൾ)<br>• തുറന്ന പഠന സ്ഥലം<br>• ബഹുഭാഷ ലൈബ്രറി (പൊതുജനത്തിനും)<br>• കൗൺസിലിംങ് റൂം<br>• ഭാഷ ലാബുകൾ (ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം) | ദീർഘം<br>മധ്യം<br>ഹ്രസ്വം<br>ദീർഘം<br>ദീർഘം | OSA<br>SMC<br>Tr's<br>OSA<br>HM<br>PTA | മുനിസിപ്പാലിറ്റി | | |
| 9 | ഓഫീസ് | • അറ്റാച്ച്ഡ് ബാത്ത്റൂം<br>• വിദ്യാലയ നേട്ടങ്ങളുടെ പ്രദർശന സംവിധാനം<br>• ഫയലുകൾ സൂക്ഷിക്കാൻ കബോർഡുകൾ | ദീർഘം<br>ഹ്രസ്വം | മുനിസിപ്പാലിറ്റി | | | |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 10. | സ്റ്റാഫ് റൂം | • ഓരോ ടീച്ചേഴ്സിനു ഷെൽഫ്<br>• അറ്റാച്ച്ഡ് ബാത്ത് റൂം<br>• സ്റ്റാഫ് റൂം ലൈബ്രറി<br>• പ്രവർത്തന കലണ്ടർ, ടൈംടേബിൾ, ചുമതല വിഭജന ചാർട്ടുകൾ<br>• ഫോൺ, ഇ.മെയിൽ വിലാസ ചാർട്ട്<br>• എസ്.ആർ.ജി. കൂടുന്നതിന് സ്ഥല വിന്യാസം | മധ്യം<br>ഹ്രസ്വം<br>ഹ്രസ്വം | Staff Secretary<br>HM | PTA<br>SSA<br>OSA | Staff Secretary | HM |
| 11. | ഗ്രൗണ്ട് | • കായിക പരിശീലനത്തിനാവശ്യമായ ആധുനിക ഉപകരണങ്ങൾ<br>• നാടൻ കളികൾ, കരാട്ടേ, കളരി<br>• മാസ് ഡ്രിൽ<br>• ക്രിക്കറ്റ്<br>• വോളി ബോൾ<br>• ചെസ്സ്<br>• ഷട്ടിൽ ഇവയ്ക്ക് പരിശീലനം | ഹ്രസ്വം<br>മധ്യം<br>ഹ്രസ്വം | PETR<br>PETR | OSA<br>SSA | OSA<br>PETR | HM<br>HM |
| | | | | | | | |

# മേഖല : സാമൂഹികം

## ലക്ഷ്യങ്ങൾ

- പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹത്തിന്റെ വൈവിധ്യമാർന്ന ഇടപെടലുകൾ ആവശ്യമാണ്.
- ജനകീയ കൂട്ടായിമയിലൂടെ വിദ്യാലയത്തിന് കലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ കഴിയും

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| **മേഖല : സാമൂഹികം** | | | | | | | |
| 1. | ചുറ്റുമതിൽ | • പെയിന്റ് അടിച്ച് ആകർഷണീയമാക്കൽ<br>• ചുറ്റുമതിൽ പഠനസാധ്യതകൾ ഉൾപ്പെടുത്തി ക്രമപ്പെടുത്തൽ<br>• ആകർഷണീയമായ സ്കൂൾ കവാടം നിർമിക്കൽ<br>• ഉദ്യാനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകൽ<br>• ചെടി, ചെടിച്ചട്ടികൾ, വഴ, കൃഷി ഉപകരണങ്ങൾ സ്പോൺസർ ചെയ്യൽ | മധ്യം<br>മധ്യം<br>മധ്യം<br>ഹ്രസ്വം<br>മധ്യം | OSA<br>SSA<br>OSA<br>സയൻസ് ക്ലബ്ബ് | SSA<br>OSA | HM ,<br>OSA | SSA<br>DIET<br>SMC |
| 2. | ശുചിമുറി | • ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്<br>• ശരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള ടോയ്‌ലറ്റ് നിർമ്മാണം<br>• നിലവിലുള്ളവയുടെ പരിമിതികൾ പരിഹരിക്കൽ | ദീർഘകാലം<br>ഹ്രസ്വം | HM | SSA | HM<br>OSA | SSA |
| | | | | | | | |

| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 3. | പോഷകാഹാരം | • പാചകപ്പുര നവീകരണം (സ്പോൺസർ ചെയ്യിക്കൽ)<br>• മെസ്സ് ഹാൾ പാത്രങ്ങൾ (സ്പോൺസർ ചെയ്യിക്കൽ)<br>• വിത്ത്, വളം, പച്ചക്കറികൾ (സ്പോൺസർ ചെയ്യിക്കൽ)<br>• കർഷകരെ സ്കൂൾ കാർഷിക പ്രവർത്തനങ്ങളുമായി സഹകരിക്കുക.<br>• പോഷകാഹാരത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട ക്ലാസ്<br>• ആഘോഷങ്ങളുടെ ഭാഗമായി ജനപങ്കാളിത്വത്തോടെ ഊക്ഷണ വിതരണം (ഓണം, റംസാൻ, ക്രിസ്തുമസ്)<br>• വ്യക്തിഗത ആഘോഷങ്ങളെ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധിപ്പിക്കൽ | ധീർഘം<br>ഹ്രസ്വം<br>ഹ്രസ്വം<br>ഹ്രസ്വം<br>മധ്യം<br>ഹ്രസ്വം<br>ഹ്രസ്വം | HM<br>NM in charge<br>NM in charge<br>HM | OSA<br>SMC<br>LSG<br>OSA<br>SMC | HM<br>LSG | NMO<br>DIET<br>NMO HM |
| | | | | | | | |

| SI No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
|---|---|---|---|---|---|---|---|
| 4. | ഗ്രൗണ്ട് | • കളിസ്ഥലം നിർമിച്ചു നൽകൽ<br>• കോർട്ട് നിർമ്മാണം<br>• പരിശീലകരെ സ്പോൺസർ ചെയ്യൽ<br>• ആവശ്യമായ കളി ഉപകരണങ്ങൾ, ഇൻഡോർ ഗെയിംസ് ആവശ്യമായ ഉപകരണങ്ങൾ<br>• തുടർപരിശീലകരെ ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ<br>• കുട്ടികളുടെ സാമൂഹ്യശോചനീയാവസ്ഥ പരിഹരിക്കൽ, വീട് നിർമ്മിച്ചു നൽകൽ | ദീർഘം<br>ഹ്രസ്വം<br>ഹ്രസ്വം<br>ദീർഘം | OSA<br>PETR | OSA<br>SSA | PETR | HM |
| 5 | സി.പി.ടി.എ കോർണർ പി.ടി.എ | • കോളനി കേന്ദ്രീകരിച്ച് കോർണർ പി.ടി.എ (മാസത്തിൽ ഒരു തവണ)<br>• ബോധവത്കരണം (മദ്യം, മയക്കു മരുന്ന്, പുകവലി, മുറുക്ക്)<br>• മാതൃക സി.പി.എ<br>• പി.ടി.എ<br>• HI യുടെ സേവനം ഉപയോഗപ്പെടുത്തൽ | ഹ്രസ്വം<br>ദീർഘം<br>ഹ്രസ്വം<br>മധ്യം<br>ദീർഘം | HI<br>TR'S<br>HM | | H I | Tribal Dept. |
| 6 | ഒ.എസ്.എ | • സംഘടനാ രൂപീകരണം<br>• ഗ്രൗണ്ട് (സ്പോൺസർ ചെയ്യിക്കൽ)<br>• സ്റ്റേജ്, കർട്ടൺ, മൈക്ക്, ഫർണീച്ചർ, പർക്ക് (സ്പോൺസർ ചെയ്യിക്കൽ)<br>• പത്രം, മാഗസീൻ (ഇംഗ്ലീഷ്, മലയാളം) (സ്പോൺസർ ചെയ്യിക്കൽ) | ദീർഘം | OSA | OSA | OSA | SSA<br>HM |

| | | | | | | | |
|---|---|---|---|---|---|---|---|
| Sl No | പ്രവർത്തനത്തിന്റെ പേര്/ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നിർവ്വഹണം | മോണിറ്ററിംങ് |
| 7 | ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ | • വീട്ടിലൊരു പച്ചക്കറി തോട്ടം<br>• സ്കൂളിലേക്കാവശ്യമായ പച്ചക്കരികൾ രക്ഷിതാക്കൾ, കുടുംബശ്രീ, കർഷകർ എന്നിവരിൽ നിന്ന് ശേഖരിക്കൽ (അവർക്കൊരു വരുമാനവും വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കലും) | ദീർഘം | | | | |
| 8 | മുട്ടകോഴി വളർത്തൽ പ്രൊജക്ട് | • പോഷകാഹാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വീടുകളിൽ മുട്ട ശേഖരണം | ദീർഘം | | | | |
| | | | | | | | |

# ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി പ്രാബല്യത്തിൽ വരുന്നതോടെ സ്കൂളിന്റെ മുകച്ഛായ തന്നെ മാറുമെന്നതിൽ സംശയമില്ല. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും രക്ഷിതാക്കളും അധ്യാപകരും പൂർവ്വ വിധ്യാർത്ഥികളും സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകരും സമൂഹത്തിലെ ഇതര വിഭാഗങ്ങളും എല്ലാം ഈ യജ്ഞത്തിൽ പങ്കാളികളാകണം. അചഞ്ചലമായ ഇച്ഛാശക്തിയിലൂടെ ഒത്തൊരുമിച്ച് മുന്നേറിയാൽ മാത്രമെ സ്കൂളിനെ നല്ല നിലവാരത്തിലേക്ക് ഉയർത്താൻ കഴിയൂ. സമൂഹം മുഴുവൻ ഒന്നിച്ച അണിനിരക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്താണ്. നമ്മുടെ നാടിനെ സ്നേഹിക്കുന്ന ഉത്തമ പൗരന്മാരായി കേരളാ സമൂഹത്തിന്റെ നവനിർമ്മിതിക്കായി ആത്മാർത്ഥമായി പ്രയത്നിക്കുന്ന നല്ല വ്യക്തികളായി പഠിതാക്കളെ പരിവർത്തനം ചെയ്യാൻ പൊതു വിദ്യാഭ്യാസ സമ്പ്രദായം സഹായകമാണ് എന്നത് നിഷ്തർക്കമാണ്. നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്ക് സ്കൂളിൽ നിന്ന് ലഭിക്കുന്ന പരിമിതമായ അറിവേ ലഭിക്കുന്നുള്ളൂ. ഇതിനൊരു മാറ്റം ഇന്നാവശ്യമാണ്. മറ്റു വിദ്യാർത്ഥികളെ പോലെ ഉന്നതിയിൽ എത്തണമെങ്കിൽ വൈകുന്നേരങ്ങളിലും പ്രഭാതവേളയിലും കോളനികൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള പഠനസഹായ പ്രവർത്തനങ്ങൾ കുട്ടികളിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ സഹായിക്കും എന്നതിൽ സംശയം വേണ്ട. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമെന്നത് ഉത്തമ പൗരന്മാരെ വാർത്തെടുക്കുക എന്നതാണ്. അതിനുവേണ്ടി അടിസ്ഥാന നിർദേശങ്ങളാണ് ഇവിടെ നിന്നും പകർന്ന് നൽകുന്നത്. അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കുള്ള വീഥിയിൽ ചെറു വെളിച്ചമായി ഞങ്ങളുണ്ട് ..